# അക്കാദമിക് മാസ്റ്റർ പ്ലാൻ

## ജി.ഡബ്ല്യൂ.എൽ.പി.എസ് പട്ടാഴി

## 2025 - 2026

Govt. W.L.P.S. PATTAZHY
KANNIMEL
PATTAZHY P.O.
PIN : 691522

SREEJITH.J, PEN-282318
HEADMASTER
Govt.W.L.P.S, Pattazhy

# ആമുഖം

ഒരു നാടിന്റെ ആശയും ആവേശവുമായി 1954-ൽ ആരംഭിച്ച WLPS പട്ടാഴി ഇന്നും അതിന്റെ ജൈത്രയാത്ര തുടരുന്നു. കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ പട്ടാഴി പഞ്ചായത്തിൽ കന്നിമേൽ വാർഡിൽ 30 കുട്ടികളുമായി ആരംഭിച്ച ഈ വിദ്യാലയത്തിന്റെ ഇന്നത്തെ സ്ഥിതി അത്ര ശോഭനീയമല്ല. ഒരു സമയത്ത് 240-ൽ കൂടുതൽ കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിച്ചിരുന്നു. അനവധി ഉന്നത സ്ഥാനങ്ങൾ കരസ്ഥമാക്കിയ മഹത് വ്യക്തികളെ സംഭാവന ചെയ്തിട്ടുള്ള ഈ വിദ്യാലയം നാടിന്റെ സാംസ്കാരികോന്നമനത്തിന് ആക്കം കൂട്ടിയിട്ടുണ്ട്.

1954-ൽ പതിമൂന്നര സെന്റ് സ്ഥലത്ത് ഈ വിദ്യാലയം ആരംഭിക്കുന്നത് ഒരു വയൽ സ്കൂൾ ആയിട്ടായിരുന്നു. പട്ടാഴി വടക്കേക്കരയിലുള്ള ശ്രീ ആദിച്ചൻ ആശാനായിരുന്നു ആദ്യത്തെ ഹെഡ്മാസ്റ്റർ. ഇപ്പോൾ നിലവിലുള്ള കെട്ടിടങ്ങളുടെ പണി 1970-ൽ ആരംഭിച്ച് 1971-ൽ പൂർത്തിയാക്കുകയുണ്ടായി. നല്ലവരായ നാട്ടുകാരുടെ നിസ്വാർത്ഥ സേവനം ഒന്നുകൊണ്ടുമാത്രമാണ് കുന്നിൻ മുകളിലുള്ള ഈ വിദ്യാലയം ഉയർന്നുവന്നത്.

പട്ടാഴി ദേവീക്ഷേത്രത്തിനും കോളൂർ ക്രിസ്ത്യൻ ദേവാലയത്തിനും വളരെ അകലെയല്ലാതെ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം.

പ്രകൃതി സ്നേഹികൾക്ക് എന്തെന്നില്ലാത്ത അനുഭൂതി പകരുന്നു. തികച്ചും പ്രകൃതിസൗഹൃദപരമായ ഈ വിദ്യാലയത്തിൽ 5 അധ്യാപകരും 3 അനുബന്ധ സ്റ്റാഫും ജോലി ചെയ്തു വരുന്നു. പട്ടാഴി - കൊട്ടാരക്കര മെയിൻ റോഡിൽ നിന്നും ഏതാണ്ട് 400 മീറ്റർ മാത്രം അകലെയായി ഒരു കുന്നിൻ മുകളിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിന്റെ കഷ്ടതകൾ മാറി ഉയർച്ചയുടെ നാമ്പുകൾ കണ്ടുതുടങ്ങിയിരിക്കുന്നു. 2025- 2026 അധ്യയന വർഷത്തിൽ പ്രീ- പ്രൈമറിയിൽ 9 കുട്ടികൾ വന്നുചേരുകയുണ്ടായി. ഒരു മാതൃകാ-വിദ്യാലയം ആകാനുള്ള എല്ലാ സാഹചര്യങ്ങളും ഈ വിദ്യാലയത്തിനുണ്ട്. പ്രൈമറി ക്ലാസിൽ 21 കുട്ടികളാണ് പഠിക്കുന്നത്.

# പ്രൊഫൈൽ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | - ഗവ. ഡബ്ല്യു. എൽ.പി.എസ്, പട്ടാഴി |
| സ്കൂൾ കോഡ് | - 39423 |
| വിലാസം | - കന്നിമേൽ, പട്ടാഴി (പി.ഒ) പിൻ - 691522 |
| പഞ്ചായത്ത് | - പട്ടാഴി |
| വാർഡ് | - 10 (കന്നിമേൽ) |
| വില്ലേജ് | - പട്ടാഴി |
| താലൂക്ക് | - പത്തനാപുരം |
| ബ്ലോക്ക് | - പത്തനാപുരം |
| സി.ആർ.സി | - പട്ടാഴി |
| ബി.ആർ.സി | - കുളക്കട |
| ഉപജില്ല | - കുളക്കട |
| വിദ്യാഭ്യാസ ജില്ല | - കൊട്ടാരക്കര |
| റവന്യൂ ജില്ല | - കൊല്ലം |
| പ്രഥമാദ്ധ്യാപകൻ | - ശ്രീജിത്. ജെ. |
| ഫോൺ നമ്പർ | - 9495088784 |
| SRG കൺവീനർ | - ഹെമിന. എസ്. അൻസാദ് |
| PTA പ്രസിഡന്റ് | - ജോജി നൈനാൻ |
| SMC ചെയർമാൻ | - രതീഷ് കൊച്ചൂർ |
| MPTA പ്രസിഡന്റ് | - നിഷാന |
| വാർഡ് മെമ്പർ | - രഞ്ജിത രതീഷ് |
| U.Dise Code | - 32130800407 |

## പഠനസൗകര്യങ്ങൾ - നിലവിലെ അവസ്ഥ.

1954-ൽ ആരംഭിച്ച ഈ വിദ്യാലയത്തിന്റെ ഇന്നത്തെ അവസ്ഥ ശുഭസൂചകമാണ്. ഭൗതിക സാഹചര്യങ്ങൾ ഏറെ മെച്ചപ്പെട്ടിരിക്കുന്നു. എല്ലാ ക്ലാസ് മുറികളും, ഓഫീസും ടൈൽ പതിപ്പിച്ച് ആകർഷകവും, ശുചിത്വമുള്ളതും ആക്കിയിരിക്കുന്നു. എല്ലാ ക്ലാസ്സ് മുറികളിലും ഫാൻ, ആവശ്യത്തിന് ഫർണിച്ചർ, 2000-ത്തോളം പുസ്തകങ്ങളുള്ള ലൈബ്രറി, പഠനത്തിന് ആവശ്യമായ 4 കമ്പ്യൂട്ടറുകൾ എല്ലാ പ്രദേശങ്ങളിലും നിന്നും വരുന്ന വിദ്യാർത്ഥികൾക്ക് വാഹന സൗകര്യം. കുടിവെള്ളത്തിനായി ഒരു കിണറും, കുഴൽക്കിണറും സ്കൂളിലുണ്ട്.

സാമ്പത്തികമായും, സാമൂഹികമായും പിന്നാക്കം നിൽക്കുന്ന പ്രദേശവാസികളായ കുട്ടികളുടെ ഏക ആശ്രയമായ ഈ വിദ്യാലയത്തെ പുരോഗതിയിലേക്ക് നയിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ പി.ടി.എ യുടെ ഭാഗത്തു നിന്നുമുണ്ട്. പ്രീ-പ്രൈമറി മുതൽ ഇംഗ്ലീഷിനു പ്രാധാന്യം നൽകിയുള്ള വിദ്യാഭ്യാസത്തിനു മുൻഗണന നൽകി പഠനമിമം ആഹ്ലാദമാക്കിയിരിക്കുന്നു. പാഠ്യപ്രവർത്തനത്തിനോടൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങൾക്കും, തുല്യ പ്രാധാന്യം നൽകി വരുന്നു.

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് ഉച്ചസമയത്ത് നൽകിവരുന്ന പരിഹാരബോധന പ്രവർത്തനങ്ങൾ വളരെയധികം പ്രയോജനപ്പെടുന്നുണ്ട്. ഒന്നു മുതൽ നാലു വരെയുള്ള എല്ലാ കുട്ടികൾക്കും ഭാഷ തെറ്റില്ലാതെ എഴുതുവാനും വായിക്കുവാനും കഴിയുന്നു എന്നുള്ളത് ഈ പ്രവർത്തനത്തിന്റെ നേട്ടം തന്നെയാണ്.

LSS

# അടിസ്ഥാന സൗകര്യങ്ങളുടെ വിശകലനം

സ്ഥലം - 13½ സെന്റ്

കെട്ടിടം - 2 കെട്ടിടം (2 മുറി + 3 മുറി)
മേൽക്കൂര ഓടിട്ടത്. തറ ടൈൽ പാകിയത്.

പാചകപ്പുര - ഒരു കോൺക്രീറ്റ് മുറി

യൂറിനൽ - ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം.

ടോയ്‌ലെറ്റ് - ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം

കുടിവെള്ള സൗകര്യം - കിണറോ, കുഴൽക്കിണറോ ഉപയോഗയോഗ്യമായില്ല. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതിയെ ആശ്രയിക്കുന്നു. 3 വാട്ടർ ടാങ്കുണ്ട്.

വാഹനസൗകര്യം - കുട്ടികൾ നടന്നും രക്ഷിതാക്കൾ നിയന്ത്രിക്കുന്ന ഓട്ടോറിക്ഷകളിലുമായി സഞ്ചരിക്കുന്നു.

ചുറ്റുമതിൽ - പൂർണ്ണമാണ്.

സ്കൂൾ മുറ്റം - ടൈലുകൾ പാകി സുന്ദരമാക്കിയിരിക്കുന്നു.

അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്ഥലപരിമിതി തടസ്സം നിൽക്കുന്ന അവസ്ഥയ്ക്ക് മാറ്റം വരേണ്ടിയിരിക്കുന്നു. കളിസ്ഥലം, പാർക്ക്, പ്രീ പ്രൈമറിയ്ക്ക് സ്വന്തമായി ക്ലാസ് മുറി എന്നിവ ആവശ്യമാണ്.

## സാമൂഹിക പങ്കാളിത്ത നിലവിലെ അവസ്ഥ.

എസ്. എം. സി, പി.ടി.എ, എം.പി.ടി.എ, വിദ്യാലയ വികസന സമിതി, എസ്. എസ്. ജി. തുടങ്ങിയ സമിതികൾ സ്കൂളിന്റെ പുരോഗതിയ്ക്കായി നിരന്തരം പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. എല്ലാ മാസങ്ങളിലും ക്ലാസ് പി.ടി.എ കൂടുന്നു. രക്ഷിതാക്കളുടെ സംശയങ്ങൾ ദൂരീകരിക്കുന്നതോടൊപ്പം സ്കൂളിന്റെ ഉയർച്ചയ്ക്ക് അവരുടെ നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കുന്നു. വിവിധ ദിനാചരണങ്ങൾ, മേളകൾ, ആഘോഷങ്ങൾ, പഠനയാത്രകൾ, ഫീൽഡ്ട്രിപ്പ്, വാർഷികം തുടങ്ങിയവയിൽ സാമൂഹിക പങ്കാളിത്തം എടുത്തുപറയേണ്ടിയിരിക്കുന്നു.

## സാമൂഹിക പങ്കാളിത്തത്തോടെ വിദ്യാലയം ഏറ്റെടുത്ത പ്രവർത്തനങ്ങൾ

സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ആഘോഷങ്ങൾ ഗംഭീരമാക്കുന്നതിനും, ദിനാചരണങ്ങൾ മികവുറ്റതാക്കുന്നതിനും വിദ്യാലയ വികസന സമിതി സഹായം ചെയ്തു വരുന്നു. ഓണം, ക്രിസ്തുമസ്, സ്കൂൾ വാർഷികം എന്നീ ആഘോഷവേളകൾ ആകർഷകമാക്കാൻ സമൂഹത്തിന്റെ പിന്തുണ ശക്തമായി ലഭിക്കുന്നു. ഈ വർഷം സ്കൂൾ ഏറ്റെടുത്ത തനതു പ്രവർത്തനമായ ലൈബ്രറി നവീകരണവുമായി ബന്ധപ്പെട്ട് 2000 രൂപയുടെ പുസ്തകങ്ങൾ പി.ടി.എ യുടെ നേതൃത്വത്തിൽ വാങ്ങുവാൻ സാധിച്ചത് വലിയൊരു നേട്ടം തന്നെയാണ്.

# അടിസ്ഥാന സൗകര്യങ്ങൾ

| ഇനം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| സ്ഥലം | 13½ സെന്റ് | 20 സെന്റ് |
| കെട്ടിടം | 2 (5 മുറി) | 6 മുറികളുള്ള രണ്ടുനില മന്ദിരം. |
| ക്ലാസ് മുറികൾ | 4 | ആവശ്യമുണ്ട് |
| ഓഫീസ് മുറി | 1 | ആവശ്യമുണ്ട് |
| കളിസ്ഥലം | ഇല്ല | ആവശ്യമുണ്ട് |
| പാർക്ക് | ഇല്ല | ആവശ്യമുണ്ട്. |
| യൂറിനൽ (ആൺ) | 1 | — |
| " (പെൺ) | 1 | — |
| ടോയ്‌ലെറ്റ് (ആൺ) | 1 | — |
| " (പെൺ) | 1 | — |
| " ഭിന്നശേഷി സൗഹൃദം | ഇല്ല | ആവശ്യമുണ്ട്. |
| ചുറ്റുമതിൽ | പൂർണ്ണം | — |
| ഫർണിച്ചർ | അത്യാവശ്യത്തിന് | ആവശ്യമുണ്ട്. |
| ലൈബ്രറി | ഉണ്ട് | പുസ്തകങ്ങൾ വേണം. |
| കമ്പ്യൂട്ടർ | 2 | ആവശ്യമുണ്ട്. |
| കുടിവെള്ളം | വാട്ടർ അതോറിറ്റി മുഖേന പൈപ്പ് ലൈൻ | കുഴൽക്കിണർ ആവശ്യമുണ്ട്. |
| പ്രൊജക്ടർ | 1 | ആവശ്യമുണ്ട്. |

## പദ്ധതി രൂപീകരണം. അക്കാദമികം

1. എല്ലാ മാസവും സബ്ജക്ട് കൗൺസിൽ കൂടുന്നു.
2. എല്ലാ ആഴ്ചയിലും SRG കൂടുന്നു.
3. ശാസ്ത്ര ക്ലബ്ബ്, ഗണിത ക്ലബ്ബ്, സാമൂഹ്യശാസ്ത്ര ക്ലബ്ബ്, ഭാഷാ ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ്, സുരക്ഷാ ക്ലബ്ബ്, ശുചിത്വക്ലബ്ബ് വിദ്യാരംഗം തുടങ്ങിയ ക്ലബ്ബുകളുടെ പ്രവർത്തനം നടന്നു വരുന്നു.
4. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.
5. സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ലഘുപരീക്ഷണം.
6. എല്ലാ ദിനാചരണങ്ങളും മുൻകൂട്ടി കണ്ടെത്തി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.
7. ഇംഗ്ലീഷിന് പ്രാധാന്യം നൽകിയുള്ള അസംബ്ലി ആഴ്ചയിൽ രണ്ടു ദിവസം നടത്തുന്നു.
8. നിരന്തര വിലയിരുത്തലും, ടേം വിലയിരുത്തലും കൃത്യമായി നടത്തി രേഖപ്പെടുത്തുന്നു.
9. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കു വേണ്ടി പ്രശ്നപരിഹാര ബോധനപ്രവർത്തനങ്ങൾ
10. കലാ - കായിക പ്രവൃത്തി പരിചയ മേളകൾക്കും, ശാസ്ത്ര, ഗണിത ശാസ്ത്രമേളകൾക്കും വേണ്ടി മുൻകൂട്ടിയുള്ള പരിശീലനം നടത്തുന്നു.
11. രക്ഷിതാക്കൾക്കു വേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു -
12. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നു.

13. നവീകരിച്ച ലൈബ്രറിയുടെ സേവനം പ്രയോജ-
നപ്പെടുത്തുന്നു.

14. ഫീൽഡ് ട്രിപ്പ്, പഠനയാത്ര, വാർഷികം എന്നിവ
SMC യുടെ നേതൃത്വത്തിൽ കാര്യക്ഷമമാക്കുന്നു.

15. കുട്ടികളിൽ മൂല്യബോധം വളർത്തുന്നതിനുള്ള
ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

16. യോഗ, കരോട്ട തുടങ്ങിയവയിൽ പരിശീലനം
നൽകുന്നു.

- SSG | SMC | PTA | CPTA എന്നിവയുടെ ശാക്തീകരണം
- പൂർവ്വവിദ്യാർത്ഥി സംഘടന രൂപീകരിക്കൽ
- പൂർവ്വ അധ്യാപകസംഘടന രൂപീകരണം.
- സന്നദ്ധസംഘടനകളുടെ സേവനം.
- ജാഗ്രതാ സമിതി
- ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ
- ദിനാചരണങ്ങളിൽ സമൂഹത്തിന്റെ പൂർണ്ണ-പങ്കാളിത്തം ഉറപ്പു വരുത്തൽ
- MPTA യുടെ നേതൃത്വത്തിൽ പ്രഭാതഭക്ഷണം, ഉച്ചഭക്ഷണം
- ലൈബ്രറി വികസനവുമായി ബന്ധപ്പെട്ട പുസ്തക ശേഖരണം
- PTA, SMC, പൂർവ്വവിദ്യാർത്ഥി-അധ്യാപക സംഘടന എന്നിവയുടെ മേൽനോട്ടത്തിൽ ജൈവവൈവിധ്യ പാർക്ക്, പച്ചക്കറിത്തോട്ടം എന്നിവ നിർമ്മിക്കൽ
- വായനാ പ്രസിദ്ധീകരണങ്ങളുടെ കണ്ടെത്തൽ
- രക്ഷിതാക്കൾക്ക് കമ്പ്യൂട്ടർ പഠനം
- രക്ഷിതാക്കൾക്ക് ബോധവൽക്കരണത്തോടൊപ്പം തൊഴിൽ പരിശീലനം.

# വാർഷിക പ്രവർത്തനങ്ങൾ.

1. ലക്ഷ്യമിട്ടിരിക്കുന്ന പ്രതീക്ഷിത നേട്ടങ്ങൾ കൈവരിക്കുക.
2. പ്രതീക്ഷിത നേട്ടങ്ങൾ കൈവരിക്കുന്നതിന് വേണ്ടി സമൂഹത്തെ സ്കൂളുമായി ബന്ധിപ്പിക്കുക.
3. പ്രത്യേക പരിഗണന ആവശ്യമുള്ളവരെ കണ്ടെത്തി പരിഹാരബോധന പ്രവർത്തനങ്ങൾ സമയ-ബന്ധിതമായി നൽകുന്നു.
4. സബ്ജക്ട് കൗൺസിൽ, SRG എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി നടപ്പിൽ വരുത്തുന്നു.
5. തുടർ പ്രവർത്തനങ്ങൾ മുൻകൂട്ടി ആസൂത്രണം ചെയ്യുന്നു.

# 2026-ലെ GWLPS പടാഴി

കാലാനുസൃതവും പുരോഗമനപരവുമായ ചിന്തകളുടെ, പ്രവർത്തനങ്ങളുടെ ഫലമായി തികച്ചും Smart & Digitalized ആയ ഒരു വിദ്യാലയമായിരിക്കും G.W.L.P.S പടാഴി. എല്ലാ കുട്ടികൾക്കും ടാബ്‌ലെറ്റ് കമ്പ്യൂട്ടറുകൾ, സ്കൂളിൽ വൈ-ഫൈ ഇന്റർനെറ്റ് കണക്ഷൻ എന്നിവയൊക്കെ ചേർന്ന് പുസ്തക ഭാരത്താൽ വിഷമിക്കാത്ത കുട്ടികൾ, സ്കൂളിന് സ്വന്തമായുള്ള ബസ്സിൽ കുട്ടികൾക്ക് ഉറപ്പു നൽകുന്ന സൗജന്യയാത്ര. കോൺക്രീറ്റ് ഇരുനില കെട്ടിടം, ഓഡിറ്റോറിയം, വിശാലമായ കളിസ്ഥലം, നവീകരിച്ച പാചകപ്പുര എന്നിവയൊക്കെ ചേർന്ന് മികച്ച ഭൗതിക സാഹചര്യം ഉറപ്പുനൽകുന്ന സ്കൂൾ. രുചികരവും വിഭവ സമൃദ്ധവുമായ പ്രഭാത - ഉച്ച ഭക്ഷണങ്ങൾ, കൂട്ടായ്മയുടെയും അർപ്പണ ബോധത്തിന്റെയും ഉടമകളായ പി.ടി.എ. പ്രയത്നശാലികളായ അധ്യാപകരുടെ ആത്മാർത്ഥ സേവനം, നാട്ടിലെ എല്ലാ വിദ്യാർത്ഥികൾക്കും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്ന ഒരു മികച്ച സ്ഥാപനം ഈ രീതിയിലായിരിക്കും 2026 ലെ G.W.L.P.S പടാഴിയെ അറിയാൻ കഴിയുക.